നം. സി.ഇ.ഇ/2593/2006/റ്റി.എ.1

**കേരള സർക്കാർ**

# പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## പത്രക്കുറിപ്പ്

### MBBS/BDS കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റ്

2007 - ലെ വിവിധ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള 2-ാം ഘട്ട അലോട്ട്മെന്റ് **19.09.2007** നു പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശമനുസരിച്ച് എം.ബി.ബി.എസ്/ ബി.ഡി.എസ്. കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം **സെപ്റ്റംബർ 30-നു** അവസാനിക്കുന്നതാണ്. ഈ സാഹചര്യത്തിൽ, സർക്കാർ മെഡിക്കൽ-ഡന്റൽ കോളേജുകൾ, സർക്കാർ സ്പോൺസർ ചെയ്യുന്ന കൊച്ചി, കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ഒഴിവുവരുന്ന എം.ബി.ബി.എസ്/ബി.ഡി.എസ്. സീറ്റുകളിലേയ്ക്ക് **2007 സെപ്റ്റംബർ 27-നു** ഒരു അലോട്ട്മെന്റ് നടത്തുന്നതാണ്.

19.09.2007 നു പ്രസിദ്ധീകരിച്ച അലോട്ട്മെന്റിനു ശേഷം ഓരോ വിദ്യാർത്ഥിയുടേയും നിലവിലുള്ള ഹയർ ഓർഡർ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലായിരിക്കും അലോട്ട്മെന്റ്. വിദ്യാർത്ഥികൾക്ക് 19.09.2007 ലെ അലോട്ട്മെന്റിൽ ലഭിച്ച കോഴ്സ്/കോളേജിൽ തുടരാൻ ആഗ്രഹിക്കുന്നെങ്കിൽ തങ്ങളുടെ ഹയർ ഓർഡർ ഓപ്ഷനുകൾ **23.09.2007 മുതൽ 25.09.2007 വൈകുന്നേരം 5 മണി വരെ** പൂർണ്ണമായി റദ്ദുചെയ്യാവുന്നതാണ്. എന്നാൽ വീണ്ടും കോഴ്സ്-കോളേജ് മാറ്റം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ ഓപ്ഷനുകൾ ഇതേ കാലയളവിൽ പുനഃക്രമീകരിക്കാവുന്നതാണ്. ഇതിനായി വിദ്യാർത്ഥികൾ "**www.cee.kerala.gov.in**" എന്ന വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്.

MBBS/BDS അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ഫീസ്/ക്വാഷൻ ഡെപ്പോസിറ്റ് അഥവാ അധിക ഫീസ് **28.09.2007 നു** കാനറാ ബാങ്കിന്റെ തെരെഞ്ഞെടുത്ത ശാഖകളിലൊന്നിൽ അടയ്ക്കേണ്ടതും **സെപ്റ്റംബർ 28, 29 തീയതികളിൽ**ത്തന്നെ നിശ്ചിത കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതുമാണ്.

**സ്വാകാര്യ സ്വാശ്രയ മെഡിക്കൽ-ഡന്റൽ കോളേജുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ ഇനി അലോട്ട്മെന്റ് നടത്തുന്നതല്ല.**

എല്ലാ കോളേജ് അധികാരികളും **28.09.2007 നു രാവിലെ** തന്നെ വെബ്സൈറ്റിൽ നിന്നും റ്റി.സി. നൽകേണ്ടുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് ഡൗൺലോഡ് ചെയ്യേണ്ടതാണ്. പ്രവേശന നടപടികൾ പൂർത്തിയാക്കേണ്ട അവസാന ദിവസം അവധി ദിവസം (ഞായറാഴ്ച) ആയതിനാൽ MBBS/BDS കോഴ്സുകളിലേയ്ക്ക് പ്രവേശനം ലഭിച്ച എല്ലാ വിദ്യാർത്ഥികളും **28, 29 തീയതികളിൽ**ത്തന്നെ കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

01.09.2007, 19.09.2007 എന്നീ ദിവസങ്ങളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്കും, 27.09.2007 നു അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾക്കും, **28.09.2007 നു വൈകുന്നേരം 5 മണി വരെ** തങ്ങളുടെ നിലവിലുള്ള അഡ്മിഷൻ ക്യാൻസൽ ചെയ്യാവുന്നതാണ്. നിലവിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ പ്രവേശനം റദ്ദു ചെയ്യുന്നതിനുള്ള അപേക്ഷയുടെ മാതൃക "www.cee-kerala.org" എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത്, പൂരിപ്പിച്ച് കോളേജ് അധികാരിയുടെ ശുപാർശയോടുകൂടി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നേരിട്ടോ/ഫാക്സ് മുഖേനയോ (Fax No. 0471-2337228) നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. മറ്റ് കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റ് സംബന്ധിച്ച വിവരം താമസിയാതെ പ്രസിദ്ധീകരിക്കുന്നതാണ്.

തിരുവനന്തപുരം
20.09.2007

**പ്രവേശന പരീക്ഷാ കമ്മീഷണർ**